# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2267 17/06/2014 - ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ കോളനിയിൽ അംഗൻവാടി നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി അധിവസിക്കുന്ന പ്രദേശത്ത് പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന അംഗൻവാടി നിർമ്മിക്കുവാൻ ഫണ്ട് ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് അംഗൻവാടികൾ നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പും പ്രത്യേകമായി സാമൂഹ്യനീതി വകുപ്പും മുഖേനയാണ് അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നത്. പ്രത്യേകമായി സമർപ്പിക്കുന്ന പ്രോജക്ട് അനുസരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നോ പൂൾഡ് ഫണ്ടിൽ നിന്നോ തെരഞ്ഞെടുക്കുന്ന സാങ്കേതങ്ങിൽ നടപ്പാക്കുന്ന ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയോ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പ്രവർത്തിയ്ക്കുന്ന അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാണ്. |
| (ബി) | എങ്കിൽ ഇത് ലഭ്യമാകുവാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | 1. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ആവിഷ്ക്കരിക്കുന്ന സമയത്ത് പ്രോജക്ട് തയ്യാറാക്കി ഊരുകൂട്ടം/ വികസന സെമിനാർ ഇവരുടെ അംഗീകാരത്തോടുകൂടി ജില്ലാ ആസൂത്രണ സമിതിയ്ക്ക് നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 2. ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി പ്രകാരം പ്രോജക്ട് ആവിഷ്ക്കരിക്കുന്നതിന് ചേരുന്ന ഊരുകൂട്ടം വഴി പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.<br>3. സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള പ്രോജക്ട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി നൽകാവുന്നതാണ്.<br>4. ടി ആവശ്യത്തിനുള്ള പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസന ഡയറക്ടർക്കും നല്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**